അക്ഷരങ്ങളോളം ആനന്ദിപ്പിക്കുന്ന, നൊമ്പരപ്പെടുത്തുന്ന, ആവേശം കൊള്ളിക്കുന്ന, പൊള്ളിക്കുന്ന എന്തുണ്ട് ലോകത്തിൽ. ചിന്തകളുടെയും ഭാവനയുടെയും മധുരവികാരങ്ങളുടെയും ചിറകിലേറി കഥകളായി, കവിതകളായി, ലേഖനങ്ങളായി, പുസ്തകങ്ങളായി രൂപാന്തരപ്പെട്ട്, അക്ഷരങ്ങൾ ജീവിതത്തിന്റെ ഏറ്റവും വലിയ സ്വാധീനശക്തിയായി നിലനിൽക്കുന്നു. ഗുഹാഭിത്തികളിൽ കോറിയിടപ്പെട്ട അക്ഷരങ്ങൾ പിന്നെ നാരായമുനയാൽ താളിയോലകളിലേക്കും പേനാത്തുമ്പിൽ നിന്നും അച്ചടി യന്ത്രത്തിൽ നിന്നും കടലാസിൽ പതിക്കപ്പെടുന്ന മഷിയിലേക്കും നവീകരിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. രചയിതാവ് തന്നെ പ്രസാധകനുമാകുന്ന ഇന്റർനെറ്റ് ഭൂമികയാണ് പുതിയ ലോകത്തിന്റെ ഇഷ്ട എഴുത്തിടം.

ഓൺലൈൻ എഴുത്തുകളിലൂടെ വിസ്മയിപ്പിക്കുന്ന ഒരതുല്യ പ്രതിഭയെയാണ് ഈ ആഴ്ച ടാലന്റഡ് ബാങ്കേഴ്സ് പരിചയപ്പെടുത്തുന്നത്.

ജിതേഷ്.എം
ഫെഡറൽ ബാങ്ക്,
ഭീമനടി ശാഖ.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സ്വദേശികളായ കൃഷ്ണൻ - സാവിത്രി ദമ്പതികളുടെ മൂത്ത മകൻ ആണ് ജിതേഷ്. അനിയത്തി ജിഷ തൃശൂരിൽ കുടുംബിനിയായി കഴിയുന്നു. ആനമങ്ങാട് സ്കൂളിൽ ആയിരുന്നു ജിതേഷിന്റെ യു. പി സ്കൂൾ വരെയുള്ള വിദ്യാഭ്യാസം. ഹൈ സ്കൂൾ, പ്ലസ് ടു പഠനം തൂത, ദാറുൽ ഉലൂം ഹയർ സെക്കൻഡറി സ്കൂളിൽ പൂർത്തിയാക്കി. സ്കൂൾ കാലം മുതൽ കഥകളും കവിതകളുമായി ജിതേഷ് അക്ഷരങ്ങളുമായി കൂട്ടുകൂടി. സ്കൂൾ മാഗസിനുകളിലെ എഴുത്തും യുവജനോത്സവ മത്സരങ്ങളുമായി നിറഞ്ഞു നിന്ന കാലം. 1998 ലെ ജില്ലാ തല യുവജനോത്സവത്തിൽ സർഗ്ഗ പ്രതിഭയായിരുന്നു ജിതേഷ്.

പഠനത്തിൽ മികവ് പുലർത്തിയിരുന്ന ജിതേഷ്, അന്നത്തെ രീതി അനുസരിച്ച് മെഡിക്കൽ, എഞ്ചിനീയറിംഗ് മേഖലകളിലേക്ക് തന്നെ തിരിയണമെന്ന് വീട്ടുകാരും നിർബന്ധിച്ചു കൊണ്ടിരുന്നു.ജിതേഷിന്റെ മനസ്സിൽ നിറയെ എഴുത്തും സിനിമയും. അവസാനം മണ്ണാർക്കാട് എം. ഇ.എസ് കോളേജിൽ ഭൗതിക ശാസ്ത്രം ബിരുദത്തിന് ചേർന്നു. എഴുത്ത് അപ്പോഴും കൂടെത്തന്നെ ചേർത്തു ജിതേഷ്. മലയാളത്തിൽ എഴുതുന്നവരുടെ സ്വപ്നമായ മാതൃഭൂമി ആഴ്ച്ചപതിപ്പിൽ ജിതേഷിന്റെ "ശവംതീനികൾ " എന്ന കഥ പ്രസിദ്ധീകരിക്കുന്നത് ആ കാലത്താണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എ സോൺ കലോത്സവത്തിൽ കഥാ രചനയിൽ ഒന്നാം സമ്മാനം ജിതേഷിനായിരുന്നു. അന്ന് ജൂറി പാനലിൽ ഉണ്ടായിരുന്ന അന്തരിച്ച പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനുമായ ലോഹിതദാസ്, ജിതേഷിന്റെ എഴുത്തുകൾ തിരക്കഥയുടെ രൂപഭാവങ്ങൾ പേറുന്നവയാണെന്ന് പ്രശംസിച്ചു. കൂടുതൽ എഴുതണമെന്നും പൂർത്തിയായവയുമായി തന്നെ കാണാൻ വരണമെന്നും അദ്ദേഹം

ജിതേഷിനെ ഉപദേശിച്ചു. സങ്കോചവും സഹജമായ അലസതയും കാരണം ലോഹിതദാസിനെ പിന്നെപ്പോയി കണ്ടില്ലെങ്കിലും അദ്ദേഹത്തിന്റെ വാക്കുകളുടെ പ്രചോദനത്താൽ ജിതേഷ്, തന്റെ പിന്നീടുള്ള എഴുത്തുകളിൽ ദൃശ്യഭാഷയ്ക്ക് കുറേക്കൂടി പ്രാധാന്യം നൽകി.

ബിരുദത്തിന് ശേഷം അക്ഷരങ്ങളുടെ ലോകത്താണ് തന്റെ ഇനിയുള്ള പഠനം എന്ന് ജിതേഷ് ഉറപ്പിച്ചു. എൻട്രൻസ് വിജയിച്ച് കേരളാ യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിൽ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പി ജി ക്ക് ജോയിൻ ചെയ്തു. ജിതേഷിലെ എഴുത്തുകാരനെചെത്തിമിനുക്കിയ കാലമായിരുന്ന് അത്. ക്യാമ്പസിൽ രണ്ട് ദിവസം കൂടുമ്പോൾ വാർത്തകൾ ഒരൽപ്പം നർമ്മം കലർത്തി സ്പൂഫ് രൂപത്തിൽ എഴുതുന്ന ഒരു പത്രം ഇറക്കിയിരുന്നു. അതിലെ എഴുത്തുകൾ ജിതേഷ് നല്ല വണ്ണം ആസ്വദിച്ചിരുന്നു. ഈ സമയത്ത് കുറച്ചു മാസം ഇന്ത്യാ വിഷൻ ചാനലിലും ജിതേഷ് ജോലി നോക്കി.

2004 ലാണ് ജിതേഷ് ഫെഡറൽ ബാങ്കിൽ ജോലിയ്ക്കായുള്ള പരീക്ഷ എഴുതുന്നത്. കോഴിക്കോടായിരുന്നു പരീക്ഷാ കേന്ദ്രം. ചില തിരക്കുകളാൽ പെരിന്തൽമണ്ണയിൽ റിലീസ് ചെയ്തപ്പോൾ കാണാൻ പറ്റാതിരുന്ന ലാൽ ജോസിന്റെ "പട്ടാളം " സിനിമ കോഴിക്കോട് ഉണ്ടെന്നുള്ളതായിരുന്നു പരീക്ഷ എഴുതാൻ പോകാനുള്ള പ്രധാന ആകർഷണം. എന്തായാലും ജിതേഷ് പരീക്ഷ വിജയിച്ചു. വീട്ടിലെ സാഹചര്യങ്ങൾ കാരണം അന്ന് ഒരു സ്ഥിരം ജോലി അത്യാവശ്യമായിരുന്നു. അങ്ങനെ 2004ൽ ഫെഡറൽ ബാങ്കിന്റെ അരീക്കോട് ശാഖയിൽ ക്ലർക്കായി ജിതേഷ് ജോലിയിൽ പ്രവേശിച്ചു. 2011 ൽ അങ്ങാടിപ്പുറം ശാഖയിൽ വെച്ച് പ്രൊമോഷൻ നേടി ഓഫീസർ ആയി .കർണ്ണാടകയിലെ കാനാപ്പൂർ, പട്ടാമ്പി, കോഴിക്കോട് മെയിൻ ബ്രാഞ്ച് എന്നിവിടങ്ങളിൽ ജോലി നോക്കി. ഇപ്പോൾ ഭീമനടി ശാഖാ മാനേജർ ആണ്.

എഴുത്ത് അപ്പോഴും കൈവിട്ടിരുന്നില്ല ജിതേഷ്. മാതൃഭൂമിയിലെ കോഴിക്കോടൻ മുതലായവർ കൈകാര്യം ചെയ്തിരുന്ന "ചിത്രശാല " എന്ന പംക്തിയുടെ ആരാധകൻ ആയിരുന്ന ജിതേഷ് സിനിമാ സംബദ്ധമായ എഴുത്തുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. വായനക്കാരുടെ കത്ത് എന്ന രീതിയിൽ അയച്ച രചനയുടെ ഭംഗി തിരിച്ചറിഞ്ഞ മാധ്യമം വാരിക ജിതേഷിന്റെ കുറിപ്പുകൾ പ്രസിദ്ധീകരിച്ചു.ഇന്ത്യാ ടുഡേയിലും ജിതേഷിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അന്ന് ഇന്ത്യാ ടുഡേ എഡിറ്റർ ആയിരുന്ന എം. ജി രാധാകൃഷ്ണൻ നൽകിയ സ്ഥിരം പംക്തി എന്ന സ്വപ്നസമാനമായ ഓഫർ ഔദ്യോഗികമായ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടി വന്നു ജിതേഷിന്. BEFI പുറത്തിറക്കിയിരുന്ന സോളിഡാരിറ്റി മാസികയിലെയും സ്ഥിരം എഴുത്തുകാരൻ ആയിരുന്നു ജിതേഷ്.

ഫേസ്ബുക്കിന്റെ കടന്നു വരവും വൻ സ്വീകാര്യതയും ജിതേഷിന്റെ എഴുത്തുകാരന് പുതിയ മേച്ചിൽപ്പുറം നൽകി. ജിതേഷിന്റെ

ഫേസ്ബുക്ക് കുറിപ്പുകൾ സാമൂഹ്യ മാധ്യമങ്ങളിൽ വമ്പൻ പ്രതികരണങ്ങളാണ് നേടുന്നത്. വിഷയ വൈവിധ്യമാണ് ജിതേഷിൻ്റെ എഴുത്തിൻ്റെ പ്രത്യേകത. സിനിമാ സംബന്ധമായ കുറിപ്പുകൾ എഴുതുന്ന അതേ ചാരുതയോടെ അയാൾ സ്പോർട്സിനെപ്പറ്റിയും എഴുതുന്നു.സംഗീതത്തെപ്പറ്റിയും, മനുഷ്യ ബന്ധങ്ങളെപ്പറ്റിയും ആനുകാലിക വിഷയങ്ങളെപ്പറ്റിയും എഴുതുമ്പോഴും വാക്കുകളുടെ സുന്ദരമായ ഒഴുക്കിന് ഒരു കോട്ടവും സംഭവിക്കുന്നില്ല. ലളിതമായ ഭാഷയും അക്ഷരങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ചിന്തയുടെ ആഴവും പരപ്പും മറ്റ് സോഷ്യൽ മീഡിയ എഴുത്തുകാരിൽ നിന്ന് ജിതേഷിനെ വേറിട്ടു നിർത്തുന്നു.

സിനിമാ ചലച്ചിത്ര ഗാനശാഖയെപ്പറ്റിയുള്ള ജിതേഷിൻ്റെ എഴുത്ത്, ഈ മേഖലയിലെ പ്രഥമ സ്ഥാനീയനായ രവി മേനോൻ്റെ "പാട്ടെഴുത്തിന് " കിടപിടിക്കുന്നതാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. ഫേസ്ബുക്കിലെ ജിതേഷിൻ്റെ എഴുത്ത് സുഹൃത്ത് വലയത്തിനകത്തു ഒതുങ്ങുന്നില്ല. എസ്. പി. വെങ്കിടേഷിനെപ്പറ്റി ജിതേഷ് എഴുതിയ കുറിപ്പ് സാക്ഷാൽ എസ്. പി. വെങ്കിടേഷ് തന്നെ അദ്ദേഹത്തിൻ്റെ പേജിൽ ഷെയർ ചെയ്തു. ഷിബു ചക്രവർത്തി അദ്ദേഹത്തെപ്പറ്റി എഴുതിയ പോസ്റ്റ് കണ്ട് നേരിട്ട് ജിതേഷിനെ വിളിച്ചിരുന്നു. ഈയിടെ മഞ്ജു വാര്യരെപ്പറ്റി ജിതേഷ് കുറിച്ചത് " "മലയാള മനോരമ " അവരുടെ ഓൺലൈൻ പത്രത്തിൽ വലിയ പ്രാധാന്യത്തോടെ നൽകിയിരുന്നു. ടാലൻ്റഡ് ബാങ്കേഴ്സിൻ്റെ മൂവി റിവ്യൂ പാനലിലെ സജീവ സാന്നിധ്യമാണ് ജിതേഷ്.

ജിതേഷിൻ്റെ ജീവിതത്തിലും എഴുത്തിലും വിവാഹത്തിന് മുമ്പുള്ളതിലും പ്രണയത്തിൻ്റെ സുഗന്ധം നിറച്ച് നവേത എന്ന തുളസി കൂടെയുണ്ട്. ആറു വയസ്സുകാരൻ ദിനു അച്ഛൻ്റെ എഴുത്തുകളിലൂടെ വായനക്കാർക്ക് സുപരിചിതനാണ്.

സിനിമാ തിരക്കഥ ഉൾപ്പെടെയുള്ള ജിതേഷിൻ്റെ ഭാവി എഴുത്തു സ്വപ്നങ്ങൾക്ക് ഭാവുകങ്ങൾ നേരുന്നതിനൊപ്പം, ഫേസ്ബുക്കിലെ സുഹൃത്ത് വലയത്തിൽ മാത്രം തൻ്റെ സുന്ദര രചനകളെ തളച്ചിടുന്നതിലുള്ള ചെറിയ പരിഭവം കൂടി പങ്കു വെച്ചെങ്കിലേ ഈ കുറിപ്പ് പൂർണ്ണമാകൂ.
നക്ഷത്രം നിങ്ങളോടും ചോദിക്കും ജിതേഷ് ; ", ഞാൻ തന്ന അക്ഷരം കൊണ്ട് നീയെന്തു ചെയ്തു? ".

**English Version**

Alphabets! Letters! What other enchantment has the power to gladden, sadden, excite, dishearten, inspire or sting one? They glide through the wings of thoughts, imagination and sweet emotions to form words that arrange to create stories, poetry, essays and volumes of books to become the most influential power in the world.

From the pictograms drawn on the cave walls to ideograms to hieroglyphs to the palm leaf manuscripts to fountain pens to the letters pressed on to the paper through the printing press, the evolution over all the years of human existence has now transformed to the new internet powered world where the writer himself is the publisher, and the marketing manager.

This week we present before you a gem of a talented banker who mesmerizes through his online musings and writing :

Jithesh.M
Federal Bank
Bheemanady branch

He is the eldest son of Sri. Krishnan and Smt. Savithri of Perinthalmanna, Malappuram. His sister Jisha lives in Thrissur. His schooling upto upper primary classes was done from Anamangad School. From high school to +2 he completed from the Darul Uloom Higher Secondary school, Thootha. From his school days, letters were his playmates- they made stories and poems together, which found their way into the school magazines and Youth festival competitions. He was the Sarga Prathibha in the 1998 District level Youth Festival.

He was a brilliant student and as per the prevalent trend, his family wished he would join the medical or engineering field. But his love for writing and movies remained with him. At last he joined the Mannarkkad
M.E.S College for BSc Physics, carrying his writings with him. That was around when his story, “Savamtheenikal” was published in the Mathrubhoomi weekly, a feat dreamt by all writers in Malayalam. He won the first prize for story writing in the Calicut University A Zone Youth Festival. The famous script writer and director, Sri.(late) Lohithadas who was a member of the Jury panel, appreciated Jithesh and said his writings have the potential to be modified to make a great script. He was advised to write more and meet the director with the finished works too. Being introvert and a bit lazy, he did not meet Sri. Lohithadas – but he did take the advice seriously and gave more importance to the visual effects in his words.

He decided that his post-graduation should be taken up in the world of words, and joined for PG in Communication and Journalism after getting through the entrance examination to The Kerala University, Karyavattom campus. That was where his writing skills were polished to perfection. In the campus, there was a newsletter prepared every alternate day, where daily news were presented comically as spoofs which he enjoyed immensely. He also worked for the India Vision channel for a few months during this period.

It was in 2004 that he appeared for the examination for selection in Federal Bank. The examination centre was in Kozhikode. The main attraction to go for the same was that the Lal Jose movie “Pattalam,” which he couldn’t watch at Perinthalmanna due to some constraints, was still running in Kozhikode. Anyway, he won the examination and due to the financial conditions of his family at the time, in 2004 he joined Federal bank in its Areacode branch in the clerical cadre. He got promoted to Officers cadre in the year 2011 from

Angadipuram branch. He has worked in Khanapur branch in Belgaum, Karnataka, Pattambi and Kozhikode Main branch and is presently posted as the Branch Manager in Bheemanady branch.

Still he had not given up writing. He admired the column “Chitrasala” of the Mathrubhoomi handled by the likes of Kozhikodan and concentrated on writings related to movies. Once when he wrote something as part of the letters to the editor, its beauty was recognised and published by the Madhyamam weekly. His essays were also published in the India Today magazine. The dream-come-true offer of a permanent column in the India Today magazine by its then editor M.G.Radhakrishnan had to be rejected due to official reasons. He was also a regular columnist in the Solidarity magazine released by BEFI.

His writings got yet another dimension with the advent of the Facebook which was immediately accepted by the mass. Jithesh's Facebook posts receive large number of comments. His specialty is the ability to handle a variety of topics. He can easily write about movies or sports or arts or music or human relationships or current affairs. His ability to express his thoughts and views in a simple language without losing the depth of the matter makes him different from other social media writers.

It is plain fact that his writings about the film songs genre are as good or even better than the expert on the topic, Sri. Ravi Menon's “Paatezhuthu”. His Facebook posts don’t get read by his friends alone. Once his words on Sri. S.P.Venkatesh was shared by Sri. S.P.Venkatesh himself on his Facebook page. Shibu Chakravarthy called Jithesh personally after reading his post about him. Recently, his words about Manju Warrier found their way to theMalayala Manorama online newspaper. He is also an indispensable part of the movie review panel of the Talented bankers.

Navetha-aka-Thulsi spreads the fragrance of romance into Jithesh's life before and after marriage, and his writings too. The six year old Dinu is known to all through the writings of his father.

As we wish him success in all his writings including the dream of writing a wonderful script, we also would express our feelings that is it unfair to contain his writings to his own friends circle in the Facebook. The star would ask you, Jithesh … “What did you do with the letter I gave?”

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : റിനു കെ ജോർജ് , ഫെഡറൽ ബാങ്ക്, കൊടകര

English version: Arya Gayathry, City Exchange, Deira Dubai Branch, UAE